നം.കെ.എസ്.എ.പി.റ്റി.എ.പി 6/89/2019 തീയതി :22.02.2019

**പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

**റാന്നി** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 24.05.2017 മുതൽ 15.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2018 ആഗസ്റ്റ് മാസം 15-ാം തീയതിയിലുണ്ടായ പ്രളയത്തിൽ പഞ്ചായത്ത് പ്രദേശത്ത് വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാകുകയും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരുന്ന 90 ശതമാനത്തിലധികം ഫയലുകളും അനുബന്ധ രേഖകളും ഓഫീസ് ഉപകരണങ്ങളും വീണ്ടെടുക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടപ്പെടുകയുമുണ്ടായി. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളും ഓൺലൈൻ രേഖകളും(വാർഷിക റിപ്പോർട്ട്, സകർമ്മ മുതലായവ) പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) |
| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
| 16.01.2019 മുതൽ 25.01.2019 വരെ | ശ്രീമതി സി. വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ(16.01.2019ൽ മാത്രം) |
| | ശ്രീ ശ്രീകുമാർ എസ്., ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി ശശികല രാജശേഖരൻ | 01.04.2017 മുതൽ 31.03.2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ വി. രവീന്ദ്രൻ പിള്ള | 01.04.2017 മുതൽ 31.03.2018 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധം</u>**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. റെസീപ്റ്റ് ആന്റ് പേയ്മെന്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. ബാലൻസ് ഷീറ്റ്- 2017-18

**<u>സൂചിക</u>**

റിപ്പോർട്ടിന്റെ ഉള്ളടക്കം


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ. സി. ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| | ഭാഗം-2 | |
| 12 | വസ്തുനികുതി വർദ്ധനവിൽ നിന്നും കെട്ടിടങ്ങളെ ഒഴിവാക്കി-പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 13 | സോഫ്റ്റ് വെയറിലെ പിഴവ് മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം | 2-2 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത- വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-3 |
| 15 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 2-4 |
| 16 | അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു | 2-5 |
| 17 | മൊബൈൽ ടവറുകളുടെ ജനറേറ്റർ റൂമിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല- വരുമാന നഷ്ടം | 2-6 |
| 18 | കടമുറികൾക്ക് തുച്ഛമായ വാടക ഈടാക്കുന്നു | 2-7 |
| 19 | വാടകയ്ക്ക് ജി.എസ്.ടി ഈടാക്കുന്നില്ല | 2-8 |
| 20 | റിസ്റ്റോറേഷൻ ചാർജ്ജ് നിയമപ്രകാരം ഈടാക്കുന്നില്ല | 2-9 |
| 21 | വിവരസാങ്കേതിക വകുപ്പിന്റെ “Right of Way”അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകി | 2-10 |
| 22 | കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 2-11 |
| | ഭാഗം-3 | |
| 23 | ഗവ. ആയുർവേദാശുപത്രി വെയിറ്റിംഗ് ഷെഡ് നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി | 3-1 |
| 24 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- 3.6 കോടി രൂപയുടെ വായ്പ ബാധ്യത തീർപ്പാക്കാൻ നടപടികളില്ല | 3-2 |

| | | |
|---|---|---|
| 25 | പട്ടികജാതി വികസന ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളുടെ ഫീസിബിലിററി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-3 |
| | | |
| 26 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല, നഷ്ടപ്പെട്ടത് 90.4 ലക്ഷം രൂപ | 3-4 |
| 27 | ആശ്രയ പദ്ധതി വിഹിതം നിക്ഷേപിച്ചത് കുടുംബശ്രീയുടെ തനത് അക്കൗണ്ടിൽ | 3-5 |
| 28 | ആശ്രയ- റീവാലിഡേറ്റ് ചെയ്യാൻ നൽകിയ ചെക്ക് തിരികെ ലഭിച്ചില്ല- വികസന ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു | 3-6 |
| 29 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 30 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-8 |
| 31 | കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ മൂലം റോഡുകൾ ഗതാഗത യോഗ്യമാകുന്നില്ല | 3-9 |
| 32 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല | 3-10 |
| 33 | സ്മാർട്ട് ക്ളാസ്സ് റൂം പ്രവർത്തന രഹിതം | 3-11 |
| 34 | പാലിന് സബ്സിഡി - ഗുണഭോക്താക്കൾ ക്ഷീര കർഷകരാണെന്നതിന്റെ രേഖകളില്ല | 3-12 |
| 35 | വാട്ടർ ടാങ്ക് വാങ്ങി നൽകൽ-ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കിയിട്ടില്ല | 3-13 |
| 36 | ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല | 3-14 |
| 37 | വീട് വാസയോഗ്യമാക്കൽ (എസ് സി പി)-അവസാന ഗഡു നൽകിയിട്ടില്ല | 3-15 |
| 38 | കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല | 3-16 |
| 39 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച | 3-17 |
| 40 | ഫിറ്റ്നെസ്സ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു | 3-18 |
| 41 | സംയുക്ത പദ്ധതികൾ-വിനിയോഗ രേഖകളില്ല | 3-19 |
| | ഭാഗം-4 | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിവരം | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 45 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപം | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബഡ്ജറ്റ് 09.03.2017ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 15.03.2017 ലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് 14.03.2018ൽ അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 12784054 | 11434423.21 | | 1349630.79 |
| വരവ് | 46345000 | 54071878.21 | 7726878.21 | |
| ആകെ | 59129054 | 65506301.42 | 6377247.42 | |
| ചെലവ് | 45744350 | 54075718.21 | 8331368.21 | |
| നീക്കിയിരിപ്പ് | 13384704 | 11430583.21 | | 1954120.79 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 25.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2017-18 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ പരാമർശിച്ച് 13.07.2018 ലെ കെ എസ് എ പിറ്റിഎ/പി6/801/2018-ാം നമ്പർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 11434423.21 |
| വരവ് | 54071878.21 |
| ആകെ | 65506301.42 |
| ചെലവ് | 54075718.21 |
| നീക്കിയിരിപ്പ് | 11430583.21 |

## 1-5 ഫണ്ട് വിനിയോഗം(എ. സി. ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8716000 | 8716000 | 6796657 | 1919343 | 77.98 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2796291 | 2796291 | 2449041 | 347250 | 87.58 |
| വികസന ഫണ്ട് (റ്റി.എസ്സ്.പി) | 0 | 211914 | 211914 | 50000 | 161914 | 23.59 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5139000 | 5139000 | 2947289 | 2191711 | 57.35 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2934864 | 2934864 | 2537627 | 397237 | 86.46 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3859540 | 3859540 | 3298729 | 560811 | 85.47 |
| കെ.എൽ.എസ്. | 0 | 1359144 | 1359144 | 862115 | 497029 | 63.43 |

| | | | | | | |
|---|---|---|---|---|---|---|
| ജി.ഡി.പി | | | | | | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 0 | 5088000 | 5088000 | 5088000 | 0 | 100 |
| എസ്.ബി.റ്റി ലിറ്ററസി | 128 | 373 | 501 | 0 | 501 | 0 |
| എൻ. ആർ. ഇ. ജി.എസ് | 1534 | 944456 | 945990 | 944225 | 1765 | 99.81 |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ച്വർ | 82400 | 0 | 82400 | 0 | 82400 | 0 |
| കറന്റ് അക്കൗണ്ട് | 0 | 31319 | 31319 | 0 | 31319 | 0 |
| ബി ഫണ്ട് | 0 | 17404600 | 17404600 | 17404600 | 0 | 100 |
| തനത് ഫണ്ട് | 6731593 | 13948424 | 20680017 | 10046857 | 10633160 | 48.58 |
| ജലനിധി | 837312 | 4340000 | 5177312 | 4748635 | 428677 | 91.72 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *ഭാഗികമായി നടപ്പാക്കിയത്* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം* |
|---|---|---|---|---|---|---|---|
| 2017-18 | 138 | 35551672 | 85 | 21815552 | - | 53 | 61.59 |

**<u>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ</u>**

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സാമ്പത്തിക വർഷം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വികസന ഫണ്ട്, സംരക്ഷണഗ്രാന്റ് 19798069 രൂപ വകയിരുത്തിയിരുന്നുവെങ്കിലും 14780614 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തന്മൂലം 5017455 രൂപ പദ്ധതിപ്പണം ലാപ്സ് ആയിട്ടുണ്ട്.

2. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണോദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. വകയിരുത്തിയ തുകയുടെ 50 ശതമാനം പോലും അസിസ്റ്റന്റ് എഞ്ചിനിയർ ചെലവഴിച്ചിട്ടില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ, സൈറ്റ് മാപ്പ് എന്നിവ മിക്ക ഫയലിലും സൂക്ഷിച്ചിട്ടില്ല. 5/17 ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ 8/17 ൽ മാത്രമാണ് ടെണ്ടർ ചെയ്തിട്ടുള്ളത്.

3. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ നല്ലൊരു ശതമാനം പ്രോജക്ടുകളും സ്പിൽ ഓവർ പദ്ധതികളാണ്. വർഷാന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ നീട്ടുന്നത് മൂലം പല പ്രോജക്ടുകളും സ്പിൽ ഓവറാകുകയും വരുന്ന വർഷങ്ങളിൽ രൂപീകരിക്കുന്ന പ്രോജക്ടുകൾക്ക് വകയിരുത്തേണ്ട തുക കൂടി സ്പിൽ ഓവർ പദ്ധതികൾക്കായി വിനിയോഗിക്കപ്പെടുകയും ചെയ്യുന്നു, പ്രസ്തുത പ്രവണത ഒഴിവാക്കേണ്ടതാണ്.

4.റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ റോഡിന്റെ മൊത്തത്തിലുള്ള ദൂരത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വാർഡടിസ്ഥാനത്തിൽ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

5.എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

6.പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ (വനിതാ ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല. സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ സാധാരണ ശൗചാലയങ്ങൾ ആയാണ് നിർമ്മിച്ചിട്ടുള്ളത്.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>**

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | | | | | |

| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉല്പാദനം | 14 | 4863843 | 9 | 2660891 | 54.71 |
| സേവനം | 57 | 16211734 | 39 | 11257226 | 69.44 |
| പശ്ചാത്തലം | 67 | 14476095 | 37 | 7897435 | 54.56 |
| **ആകെ** | **138** | **35551672** | **85** | **21815552** | 61.36 |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 18 | 14 | 6582203 | 5380219 | 81.74 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 637000 | 400000 | 62.79 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 38 | 16215531 | 7174790 | 44.25 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 376500 | 374180 | 99.38 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ | 9 | 5 | 4506168 | 2399108 | 53.24 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2119730 | 1761563 | 83.1 |
| കൃഷി ഓഫീസർ | 6 | 5 | 1114940 | 819170 | 73.47 |
| വെറ്ററിനറി സർജൻ | 2 | 2 | 1885000 | 1537800 | |

# 1-7 തൊഴിലുറപ്പ് പദ്ധതി

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1534 | 917456 | 918990 | 917225 | 1765 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12472348 | 12472348 | 12472348 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 27000 | 27000 | 27000 | 0 |
| **ആകെ** | 1534 | **13416804** | **13418338** | **13416573** | **1765** |

# 1-8 ക്ഷേമ പദ്ധതികൾ

| *ക്രമ നം* | ***പെൻഷൻ ഇനം*** | ***ഗുണഭോക്താക്കളുടെ എണ്ണം*** | ***ചെലവഴിച്ച തുക*** | ***2017-18 ൽ ലഭിച്ച അപേക്ഷകൾ*** | ***നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ*** | ***സമയപരിധി കഴിഞ്ഞ് അനുവദിച്ചവയുടെ എണ്ണം*** | ***നിരസിച്ചവ*** |
|---|---|---|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 768 | 9766800 | 139 | 0 | 104 | 24 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 29 | 362300 | 0 | 0 | 0 | 0 |
| 3 | വിധവാ പെൻഷൻ | 441 | 5431900 | 0 | 0 | 0 | 0 |
| 4 | അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 147200 | 0 | 0 | 0 | 0 |
| 5 | വികലാംഗ പെൻഷൻ | 163 | 1687400 | 18 | 0 | 18 | 0 |
| 6 | തൊഴിൽ രഹിത വേതനം | - | 9000 | 1 | 1 | 0 | 0 |

***** വാർഷിക റിപ്പോർട്ടിൽ നിന്നുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2019 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ41161(നാൽപത്തിയൊരായിരത്തി ഒരു നൂറ്റി അറുപത്തിയൊന്ന് രൂപാ മാത്രം ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2019 ജനുവരി 4, 5 | 2018 നവംബർ, ഡിസംബർ | പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2014 മുതൽ 05.05.2014 വരെ | 2009-10 മുതൽ 2013-14 വരെ | 21.07.2014 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

<u>ഗുണഭോക്തൃവിഹിതം-ബാലൻസ് തുക കൃത്യമല്ല</u>

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി-4 പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 78684രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതത്തിന്റെ ലഡ്ജർ പരിശോധിച്ചതിൽ വി.ഇ.ഒ നടപ്പിലാക്കിയ ബയോഗ്യാസ് എന്ന പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതമായി പിരിച്ച 4160 രൂപയും ബയോഡൈജസ്റ്റ് എന്ന പ്രോജക്ടിൽ ഗുണഭോക്തൃവിഹിതമായി പിരിച്ച 1550 രൂപയും മാത്രമാണ് 2017-18 സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ ബാലൻസായി ഉള്ളത്. വാർഷികധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഗുണഭോക്തൃവിഹിതമിനത്തിലെ നീക്കിയിരിപ്പ് തുക സംബന്ധിച്ച അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 വസ്തുനികുതി വർദ്ധനവിൽ നിന്നും കെട്ടിടങ്ങളെ ഒഴിവാക്കി- പഞ്ചായത്തിന് വരുമാന നഷ്ടം

(1) ജി.ഒ.(ആർ.റ്റി)നം.20/2011/ത.സ്വ.ഭ.വ.തീയതി 14.01.2011 പ്രകാരമാണ് പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഈ ഉത്തരവ് പ്രകാരം പഞ്ചായത്ത് 100m$^2$ താഴെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക്നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 40രൂപയും , 100m$^2$ മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 70രൂപയും, 200m$^2$ മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക്നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 90രൂപയുമാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

| വർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗം | ച.മി | നിർണ്ണയിച്ച വസ്തുനികുതി (ച.മി) | വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത് (ച.മി) |
|---|---|---|---|---|---|---|
| 2 | 374/A | വിന്നി മാത്യു | വാണിജ്യം | 622.5 | 70 | കടമുറികളുടെ ആകെ വിസ്തീർണ്ണം 200m$^2$കൂടുതലായതിനാൽ എല്ലാ കടമുറികൾക്കും |

| | | | | | | |
|---|---|---|---|---|---|---|
| 2 | 374/B | വിന്നി മാത്യൂ | വാണിജ്യം | 648.98 | 70 | 90രൂപാനിരക്കിൽ നികുതി നിർണ്ണയിക്കണം |
| 13 | 130/B | സീറ്റി എബ്രഹാം | വാണിജ്യം | 55.91 | 50 | കടമുറികളുടെ ആകെ വിസ്തീർണ്ണം 100m$^2$കൂടുതലായതിനാൽ എല്ലാ കടമുറികൾക്കും 70രൂപാനിരക്കിൽ നികുതി നിർണ്ണയിക്കണം |
| 13 | 130/C | സീറ്റി എബ്രഹാം | വാണിജ്യം | 36.5 | 70 | |
| 13 | 130/D | സീറ്റി എബ്രഹാം | വാണിജ്യം | 59.29 | 50 | |
| 1 | 708/I | ഷാജി തോമസ് | വാണിജ്യം | 213.52 | 60 | വിസ്തീർണ്ണം200m$^2$കൂടുതലായതിനാൽ90രൂപാനിരക്കിൽ നികുതി നിർണ്ണയിക്കണം |
| 2 | 270 TO283 | എസ്.എ‌െ റാന്നി പോലീസ് | പാർപ്പിടം | | | വസ്തുനികതി നിർണ്ണയിച്ചിട്ടില്ല |
| 2 | 360/A | ശശിധരൻ നായർ | വാണിജ്യം | 106 | 60 | കടമുറികളുടെ ആകെ വിസ്തീർണ്ണം 200m$^2$കൂടുതലായതിനാൽ എല്ലാ കടമുറികൾക്കും 90രൂപാനിരക്കിൽ നികുതി നിർണ്ണയിക്കണം |
| 2 | 360/B | ശശിധരൻ നായർ | വാണിജ്യം | 106 | 90 | |
| 2 | 360/C | ശശിധരൻ നായർ | വാണിജ്യം | 106 | 90 | |
| 1 | 465/A | ബിജു മാത്യൂ | വാണിജ്യം | 98 | 70 | കടമുറികളുടെ ആകെ വിസ്തീർണ്ണം 200m$^2$കൂടുതലായതിനാൽ എല്ലാ കടമുറികൾക്കും 90രൂപാനിരക്കിൽ നികതിനിർണ്ണയിക്കണം |
| 1 | 465/B | ബിജു മാത്യൂ | വാണിജ്യം | 76 | 70 | |
| 1 | 465/C | ബിജു മാത്യൂ | വാണിജ്യം | 82 | 70 | |
| 1 | 465/D | ബിജു മാത്യൂ | വാണിജ്യം | 65 | 70 | |
| 1 | 465/E | ബിജു മാത്യൂ | വാണിജ്യം | 38 | 70 | |
| 1 | 465/F | ബിജു മാത്യൂ | വാണിജ്യം | 45 | 70 | |
| 1 | 465/I | ബിജു മാത്യൂ | വാണിജ്യം | 30 | 70 | |
| 1 | 465/J | ബിജു മാത്യൂ | വാണിജ്യം | 35 | 70 | |

മേൽ പറഞ്ഞ രീതിയിൽ വസ്തുനികതി നിർണ്ണയിക്കുന്നതുമൂലം പഞ്ചായത്തിന് തനതുവരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു.മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-19/24.01.2019) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വസ്തുനികതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ.തീയതി 14.01.2011 പ്രകാരം ഗ്രാമ പഞ്ചായത്ത് വസ്തുനികതി നിശ്ചയിക്കുമ്പോൾ 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് സൌകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികതിയുടെ 20%നികതി വർദ്ധനവ് വരുത്തേണ്ടതാണ്. 1.5 മീറ്ററിൽ വീതിയുള്ള റോഡ് സൌകര്യമുള്ള കെട്ടിടങ്ങളെ വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ സമീപത്തുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം 20%നികതി വർദ്ധനവിൽ നിന്നും ഈ കെട്ടിടങ്ങൾ ഒഴിവായി.

| | | | | | | |
|---|---|---|---|---|---|---|
| 10 | 64/D | വിനോദ് കുമാർ | | 141.4 | | പുനലൂർ-മൂവാറ്റുപ്പുഴ റോഡ്<br>1.5 മീറ്റർ കൂടുതൽവീതിയുള്ള റോഡ്ഗണത്തിലാണ് ഉൾ പ്പെടുത്തിയിരിക്കുന്നത്<br>ഇതുമൂലം 20%നികതി വർദ്ധനവിൽ നിന്നും ഒഴിവായി |
| 10 | 64/E | പ്രദീപ്കുമാർ | | 135.3 | | പുനലൂർ-മൂവാറ്റുപ്പുഴ റോഡ് |
| 10 | 67/A | അലക്സാണ്ടർ | | 139.3 | | പുനലൂർ-മൂവാറ്റുപ്പുഴ റോഡ് |
| 13 | 61/A | നിധീഷ് കുമാർ | | 14.4 | | പുനലൂർ-മൂവറ്റുപ്പുഴ റോഡ് |

മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-19/24.01.2019) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. ഇത്തരത്തിൽ നികുതി വർദ്ധനവിൽ നിന്നും ഒഴിവായിട്ടുള്ള മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സോഫ്റ്റ് വെയറിലെ പിഴവ് മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം

8.11.2017ൽ ഫ്രണ്ട് ഓഫീസിൽ 117010102804 നമ്പർ സാധ്യ രസീത് പ്രിന്റ് ചെയ്യുകയും (ശ്രീ.അനി.പി.എബ്രഹാമിന്റെ ഉടമസ്ഥതയിലുള്ള കെട്ടടത്തിന്റെ(വാർഡ് 7കെട്ടിടനമ്പർ 374 ന്റെ വസ്തുനികുതിയായ 2055രൂപ ) പിന്നീട് രസീത് ക്യാൻസൽ ചെയ്യു. 26.04.2018ൽ ഫ്രണ്ട് ഓഫീസിൽ 118010100342 നമ്പർ സാധ്യ രസീത് പ്രിന്റ് ചെയ്യുകയും (ശ്രീ.പ്രസന്നകമാറിന്റെ ഉടമസ്ഥതയിലുള്ള കെട്ടടത്തിന്റെ(വാർഡ് 4കെട്ടിടനമ്പർ 203 ന്റെ വസ്തുനികുതിയായ 404രൂപ ) പിന്നീട് രസീത് ക്യാൻസൽ ചെയ്യുകയും ചെയ്യു.എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ പറഞ്ഞ കെട്ടിടങ്ങളുടെ ഡിമാന്റ് പരിശോധിക്കുമ്പോൾ ക്യാൻസൽ ചെയ്ത രസീതിലെ തുക കളക്ഷനായി വന്നിരിക്കുന്നു. യഥാർത്ഥത്തിൽ പഞ്ചായത്തിന് പണം ലഭിക്കാതെ തന്നെ സോഫ്റ്റ് വെയറിൽ ഡിമാന്റ് കുറയുന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത-വരുമാനത്തിൽ കുറവുണ്ടാകുന്നു

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരമാണ് മൊബൈൽ ടവറിന്റെ വിസ്തീർണ്ണവും വസ്തുനികുതിയും നിർണ്ണയിച്ചിരിക്കുന്നത് (1 ച.മീറ്ററിന് 500 രൂപയാണ് മൊബൈൽ ടവറിന്റെ അടിസ്ഥാന വസ്തുനികുതി)

| ക്രമ നം | കമ്പനി | വാർഡ് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി |
|---|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 2 | 142 | 40 | 16800 |
| 2 | റിലയൻസ് | 2 | 142a | 12 | 5790 |
| 3 | ഐഡിയ | 4 | 198 | 14 | 7590 |
| 4 | റിലയൻസ് | 5 | 187 | 10 | 4800 |
| 5 | ടവർ വിഷൻ | 6 | 386 | 12 | 7920 |
| 6 | വോഡഫോൺ | 7 | 319 | 20 | 13200 |
| 7 | ഐഡിയ | 7 | 324a | 8 | 2360 |
| 8 | ഐഡിയ | 7 | 325 | 20 | 9600 |
| 9 | റിലയൻസ് | 9 | 165 | 1.14 | 864 |
| 10 | ബി.എസ്.എൻ.എൽ | 10 | 50 | 7 | 3781 |
| | ആകെ | | | | 72705 |

പഞ്ചായത്തിലെ 7-ാം വാർഡിലെ കെട്ടിടനമ്പർ 319 എന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 20ച.മീറ്ററിനാണ്. ഓഡിറ്റ് ടീമും പഞ്ചായത്തിലെ ഓവർസിയറും ചേർന്ന് നടത്തിയ ഭൗതികപരിശോധനയിൽ ഈ ടവറിന്റെ വിസ്തീർണ്ണം77.44ച.മീറ്ററാണ് എന്ന് കണ്ടെത്തി.അതുപോലെ പഞ്ചായത്തിലെ 7-ാം വാർഡിലെ കെട്ടിടനമ്പർ 325എന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 20 ച.മീറ്ററിനാണ്. എന്നാൽ ഭൗതികപരിശോധനയിൽ ഈ ടവറിന്റെ വിസ്തീർണ്ണം50.41ച.മീറ്ററാണ് എന്ന് കണ്ടെത്തി. മൊബൈൽ ടവറിന്റെ നിലവിലുള്ള വിസ്തീർണ്ണത്തേക്കാൾ കുറഞ്ഞ വിസ്തീർണ്ണത്തിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതുമൂലം പഞ്ചായത്തിന് തനതു വരുമാനയിനത്തിൽ നഷ്ടം സംഭവിക്കുന്നു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ മൊബൈൽ ടവറുകളുടെയും വിസ്തീർണ്ണം പുനപരിശോധിക്കേണ്ടതും അതനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-4 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ.(ആർ.റ്റി)നം.20/2011/തസ്വഭവ.തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല. പുനർനിർണ്ണയിച്ച വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| വാർഡ് നം./ കെട്ടിട നം | ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള നികുതി | കുടിശ്ശിക ഏതു വർഷം മുതൽ | കുടിശ്ശിക തുക |
|---|---|---|---|---|
| 2/142 | ബി.എസ്.എൻ.എൽ | 16800 | 2012 | 83865 |

| | | | | |
|---|---|---|---|---|
| | | | മുതൽ 2017-18 വരെ | |
| 10/50 | ബി.എസ്.എൻ.എൽ | 3781 | 2013മുതൽ 2017-18 വരെ | 18905 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/22.01.2019) സെക്രട്ടറി നൽകിയ മറുപടിയിൽ കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്താവിനിമയഗോപുരങ്ങളോ, വാർത്താവിനിമയ തൂണുകളോ സ്ഥാപിക്കുവാൻ പാടില്ല. പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്ഥാപിച്ച മൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ടവർ ഉടമ |
|---|---|---|
| 2 | മുണ്ടപ്പുഴ | ടവർ ഉടമയുടെ വിവരങ്ങൾ ലഭ്യമല്ല |
| 2 | മുണ്ടപ്പുഴ | ടവർ ഉടമയുടെ വിവരങ്ങൾ ലഭ്യമല്ല |

മേൽ പറഞ്ഞ 2 ടവറുകളും സ്ഥാപിച്ചത് പഞ്ചായത്തിന്റെ പെർമിറ്റ് ഇല്ലാതെയാണ്. പഞ്ചായത്തിന്റെ അറിവില്ലാതെ ടവറുകൾ സ്ഥാപിച്ചത് കണ്ടെത്താൻ കഴിയാതിരുന്നത് പഞ്ചായത്തധികൃതരുടെ ഭാഗത്തുള്ള ഗുരുതരമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ ടവറുകളിൽ നിന്നും പഞ്ചായത്ത് വസ്തുനികുതി ഈടാക്കുന്നില്ല. ഇതുമൂലം പഞ്ചായത്തിന് തനതുവരുമാനയിനത്തിൽ നഷ്ടം സംഭവിക്കുന്നു. ആയതിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ ജനറേറ്റർ റൂമിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല- വരുമാന നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് 12 മൊബൈൽ ടവറുകളാണെന്ന് ഭൗതികപരിശോധനയിൽ കണ്ടെത്തി. പല ടവറിന്റേയുംഅനുബന്ധമായി 4 ജനറേറ്റർ റൂമുകൾ വരെ ഉള്ളതായി കണ്ടു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ അനുബന്ധമായുള്ള ജനറേറ്റർ റൂമുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ഇതുമൂലം പഞ്ചായത്തിന് തനതു വരുമാനയിനത്തിൽ നഷ്ടം സംഭവിക്കുന്നു.എല്ലാ ടവറുകളുടേയും ജനറേറ്റർ റൂമുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിന് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ് .



**(മൊബൈൽ ടവറും ജനറേറേറർ റൂമുകളും)**

## 2-7 കടമുറികൾക്ക് തുച്ഛമായ വാടക ഈടാക്കുന്നു

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന കടമുറികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | കടമുറികളുടെ നമ്പർ | മാസവാടക |
|---|---|---|
| 1 | പഴയ ഷോപ്പിംഗ് കോംപ്ലക്സ് 1 | 1115 |
| 2 | 2 | 2050 |
| 3 | 3 | 1042 |
| 4 | 4 | 1451 |
| 5 | 5 | 1513 |
| 6 | പുതിയഷോപ്പിംഗ് | 2527 |

| | | |
|---|---|---|
| | കോംപ്ലക്സ് 1 | |
| 7 | 2 | 2549 |
| 8 | 3 | 2665 |
| 9 | 4 | 2125 |
| 10 | 5 | 4440 |
| 11 | 6 | 2961 |
| 12 | 7 | 1109 |
| 13 | 8 | 1850 |
| 14 | 9 | 1420 |
| 15 | 10 | 2462 |
| 16 | 11 | 1044 |
| 17 | ഹാളിന്റെ ഭാഗം | 1142 |
| 18 | ഹാൾ | ദിവസ വാടക 500രൂപ |

സ്റ്റേറ്റ് ഹൈവേയായ പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ സൈഡിൽ റാന്നി പട്ടണത്തിലാണ് ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥിതിചെയ്യുന്നത്. 17 കടമുറികളാണ് ഗ്രാമപഞ്ചായത്ത് മാസവാടകയ്ക്ക് നൽകിയിരിക്കുന്നത്. മേൽ പട്ടികയിൽ കാണും പ്രകാരം വളരെ തുച്ഛമായ മാസവാടകയാണ് ഈ കടമുറികൾക്ക് ഈടാക്കുന്നത്. പഴയ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിൽ ട്യൂഷൻ സെന്ററാണ്. വാടക രജിസ്റ്ററിൽ 5 ാം നമ്പർ കടമുറിയായി കാണിച്ചിരിക്കുന്നത് ഈ സ്ഥലമാണ്. ഈ മുറിയ്ക്ക് ഈടാക്കുന്ന മാസ വാടക 1513 രൂപ മാത്രമാണ്. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുവേണ്ടി പഞ്ചായത്ത് എടുത്ത വായ്പ തിരിച്ചടയ്ക്കാതെ കുടിശ്ശികയായി കോടികളുടെ ബാധ്യത നിലവിലുണ്ട്. അതുപോലെ സമ്മേളനങ്ങൾ നടത്തുന്നതിനായി പഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിലെ ഹാൾ 500 രൂപ നിരക്കിലാണ് ദിവസവാടകയ്ക്ക് നൽകുന്നത്. ഈ ഹാളിന്റെ നിർമ്മാണത്തിനും ഹാളിലെ ആവശ്യത്തിനായി കസേര, ഫാൻ, മൈക്ക് എന്നിവ വാങ്ങിയയിനത്തിലുമായി പഞ്ചായത്തിന് ലക്ഷങ്ങൾ ചെലവു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ കടമുറികളുടെയും ഹാളിന്റേയും വാടക കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് ഭരണസമിതി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം സ്വീകരിക്കേണ്ടതാണ്.

## 2-8 വാടകയ്ക്ക് ജി.എസ്.ടി ഈടാക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1.11.2017ലെ സ.ഉ(അച്ചടി).87/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ എന്നിവയുടെ വാടകയ്ക്ക് 12 ശതമാനം ജി.എസ്.ടി ബാധകമാണ്. എന്നാൽ പഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന ആഡിറ്റോറിയത്തിന്റെ വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കുന്നില്ല. ഇതുമൂലം കേന്ദ്ര-സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നികുതിയാണ് നഷ്ടപ്പെടുന്നത്. ആഡിറ്റോറിയത്തിന്റെ വാടകയോടൊപ്പം ജി.എസ്.ടി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 റിസ്റ്റോറേഷൻ ചാർജ്ജ് നിയമപ്രകാരം ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വൈക്കം വയലകടവ്റോഡിലും പെറുമ്പുഴ-മുണ്ടപ്പുഴ റോഡിലും ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് 23.10.2017-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 5/1 നമ്പർ തീരുമാനപ്രകാരം റിലയൻസ് ജിയോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ടിൽ ടി റോഡിൽ 2.4 കിലോമീറ്റർ ദൂരം ഒ.എഫ്.സി സ്ഥാപിക്കുന്നതിനുവേണ്ടി കുഴിക്കുന്നതിനാൽ റിസ്റ്റോറേഷൻ ചാർജ്ജായി 591325 രൂപ ഈടാക്കേണ്ടതാണ് എന്നായിരുന്നു. ഇതുപ്രകാരം റിലയൻസ് ജിയോ 591325 രൂപ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. വൈക്കം വയലകടവ്റോഡും പെരുമ്പുഴ-മുണ്ടപ്പുഴ റോഡും ടാർ റോഡുകളാണ്. പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 18/3/2013 ലെ R&B/GL/6682/06നമ്പർ കത്ത് പ്രകാരം ടാർ റോഡിന് റിസ്റ്റോറേഷൻ ചാർജ്ജായി 1521/$m^2$ എന്ന ക്രമത്തിലാണ് ഈടാക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.23/19 തീയതി 24.01.2019) സെക്രട്ടറി നൽകിയ മറുപടിയിൽ ബന്ധപ്പെട്ട ഫയൽ വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടതായി അറിയിച്ചു. പ്രസ്തുത ഫയൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ 2.4 കിലോമീറ്റർ ദൂരമുള്ള ടാർ റോഡിൽ ഒ.എഫ്.സി സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് കുഴിച്ചതിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 18/3/2013 ലെ R&B/GL/6682/06 നമ്പർ കത്ത് പ്രകാരമുള്ള മതിയായ റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിട്ടുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-10 വിവരസാങ്കേതിക വകുപ്പിന്റെ "Right of Way"അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകി

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് 23/10/2017-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 5/1 നമ്പർ തീരുമാനപ്രകാരം റിലയൻസ് ജിയോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയ

റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | നീളം(കി.മി) |
|---|---|
| വൈക്കം വയലകടവ്റോഡ്<br>മുണ്ടപ്പുഴ-പെരുപ്പുഴ റോഡ്(ടാർ റോഡ്) | 2.4 |

സംസ്ഥാനത്തെ ദേശീയപാത, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ അധികാരപരിധിയിലുള്ള റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് ടെലികോം കമ്പനികൾക്ക് സംസ്ഥാന വിവരസാങ്കേതിക വകുപ്പിൽ നിന്നുള്ള "Right of Way" അനുമതി ആവശ്യമാണ്. റാന്നി പഞ്ചായത്തിലെ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way"(ROW) അനുമതി റിലയൻസ് ജിയോയ്ക്ക് 03.02.2018-ലെ ജി.ഒ.(എം.എസ്.)നം.3/2018/ITD ഉത്തരവ് പ്രകാരം ലഭിച്ചിട്ടില്ല .

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി നൽകുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 15.09.2015-ലെ ജി.ഒ.(എം.എസ്.)നം.39/2015/ITD ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ROW അനുമതിയ്ക്കുവേണ്ടി കമ്പനി കിലോമീറ്ററിന് 75000/-രൂപ നിരക്കിൽ ഒറ്റത്തവണ വിഹിതം സർക്കാരിൽ അടയ്ക്കുകയും മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതുമാണ്. കൂടാതെ പഞ്ചായത്തുമായി കമ്പനി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. എഗ്രിമെന്റ് തീയതി മുതൽ 15-വർഷം അല്ലെങ്കിൽ കമ്പനിയുടെ ലൈസൻസ് കാലാവധി അവസാനിക്കുന്നതുവരെ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ മാത്രമാണ് ROW അനുമതിയ്ക്ക് പ്രാബല്യമുള്ളത്.

റാന്നി പഞ്ചായത്തിലെ 2.4 KM ദൈർഘ്യമുള്ള റോഡുകളിൽ ROW അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകുക വഴി ഒറ്റത്തവണ വിഹിതമിനത്തിൽ സർക്കാരിനു ലഭിക്കേണ്ടതായ 180000/-രൂപ (2.4x75000) നഷ്ടപ്പെടുകയുണ്ടായി. കൂടാതെ മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടിയിനത്തിൽ120000- രൂപ (2400x50) സർക്കാരിനു ലഭിക്കേണ്ടതായിരുന്നു.

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ പൂർണ്ണമായി സ്ഥാപിച്ച കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ നിയമപ്രകാരം ആവശ്യമായിരുന്ന ROW സർക്കാരിൽ നിന്നും വാങ്ങുന്നതിന് കമ്പനിയ്ക്ക് നിർദ്ദേശം നൽകേണ്ടതും കമ്പനിയ്ക്ക് നിർദ്ദേശം പാലിക്കാത്തപക്ഷം നിയമപ്രകാരമുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്.

## 2-11 കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽ കൂട്ടിയില്ല

2013 മുതൽ 2015 വരെ ഇലക്ഷൻ ഡെപ്പോസിറ്റിനത്തിൽ 44 വ്യക്തികളിൽ നിന്നും ലഭിച്ചിട്ടുള്ള 45910 രൂപ 3 വർഷങ്ങൾക്ക് ശേഷവും റീ ഫണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുത്ത് പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗവ. ആയുർവേദാശുപത്രി വെയിറ്റിംഗ് ഷെഡ് നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 102/18 |
| അടങ്കൽ | 150000(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ്, ബിൽനം/തീ. | 107328, 6/18-30/6/17 |
| എം ബുക്ക് നമ്പർ | 51/15-16 |
| കൺവീനർ | സി.റ്റി. അൻസാരി |

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിനോടനുബന്ധിച്ച് വെയ്റ്റിംഗ് റൂം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഫ്ലോർ ടൈൽ, വാൾ ടൈൽ എന്നിവ ഇട്ടതിന് 22038/-രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഓവർസിയറിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഈ രണ്ട് പ്രവൃത്തികളും ചെയ്തിട്ടില്ലെന്ന് വ്യക്തമായി. ഈ പ്രവൃത്തികൾ യഥാക്രമം 29/5/17, 2/6/17 എന്നീ തീയതികളിൽ ചെക്ക് മെഷർ ചെയ്തതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എം. ബുക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ഇനം(ഡി.എസ്.ആർ 2014, C.I-1.4095) | ചെയ്ത അളവ് | റേറ്റ് | ആകെ മൂല്യം |
|---|---|---|---|
| Providing & laying ceramic glazed floor tiles 300c.m x | 19.4775 m2 | 955.14/m2 | 18603.73 |

| | | | |
|---|---|---|---|
| 300c.m, first quality, white ivory colour(13.36) | | | |
| Providing & fixing first quality ceramic glazed wall tile(13.37) | 3.24 m2 | 1060.07/m2 | 3434.62 |
| | | ആകെ | 22038.35 |


(ടൈൽ പാകാത്ത വെയ്റ്റിംഗ് റൂം)

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 25/25.01.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തികൾക്ക് കൺവീനർക്ക് നൽകിയ 22038 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ, പ്രവൃത്തി ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-2 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- 3.6 കോടി രൂപയുടെ വായ്പ ബാധ്യത തീർപ്പാക്കാൻ നടപടികളില്ല

ഗ്രാമപഞ്ചായത്ത് വക ബസ്സ്റ്റാൻഡിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1989ൽ ഗ്രാമ വികസന ബോർഡിൽ നിന്നും 2252135 രൂപ വായ്പ എടുത്തിരുന്നു. 16% പലിശ നിരക്കിൽ 31.3.2007-നകം 24 തുല്യ തവണകളായി ഈ തുക തിരികെ ഒടുക്കേണ്ടതായിരുന്നു. 27.10.95 മുതൽ 19.03.2004 വരെയുള്ള കാലയളവിൽ 3139454 രൂപ ഗ്രാമപഞ്ചായത്ത് തിരികെ ഒടുക്കിയതായി മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിന് ശേഷം തുക ഒടുക്കിയിട്ടില്ല.

ഗ്രാമവികസന ബോർഡ് നിർത്തലാക്കി കേരള അർബൻ & റൂറൽ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ച് ആസ്തി ബാധ്യതകൾ ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ വായ്പ കുടിശ്ശിക ഇനത്തിൽ 3.64 കോടി രൂപ ഒടുക്കണമെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുമെന്നും 24.02.16-ൽ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരുന്നു. 7/4/16-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12-ാം നമ്പർ അജണ്ട പ്രകാരം തീരുമാനിച്ചതനുസരിച്ച് ബഹു.റാന്നി എം.എൽ.എ മുഖേന വായ്പയുടെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി കിട്ടുന്നതിനായി തദ്ദേശഭരണ വകുപ്പിനെ സമീപിച്ചിരുന്നു. ഇതിനെ തുടർന്ന് 14.12.16-ൽ പഞ്ചായത്ത് ഡയറക്ടർ വായ്പ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നു. വെള്ളപ്പൊക്കത്തിൽ വായ്പ സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും നഷ്ടപ്പെട്ടതായി അധികൃതർ അറിയിച്ചു. ആയതിനാൽ തുടർനടപടികളുടെ വിവരങ്ങൾ ഒന്നും ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ ഇത് സംബന്ധിച്ച കാര്യങ്ങൾ ഒന്നും ചർച്ച ചെയ്തതായി രേഖപ്പെടുത്താത്ത സാഹചര്യത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ലെന്ന് വ്യക്തമാണ്. പലിശ/പിഴപ്പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു.

ഗ്രാമപഞ്ചായത്തിന് കോടികളുടെ ബാധ്യതയുണ്ടാക്കിയ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് വാടക ഈടാക്കുന്നത്. രണ്ടാം നിലയിലെ എല്ലാ മുറികളും ഗവ. ഐ.റ്റി.ഐ-യുടെ പ്രവർത്തനത്തിനായി സൗജന്യമായി നൽകിയിരിക്കുകയാണ്. ഐറ്റിഐ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാം എന്ന് സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനം അനുവദിച്ചത്. 2004 ന് ശേഷം വായ്പ കുടിശ്ശിക ഒടുക്കാതിരുന്നതുമൂലം കോടികളുടെ അധിക ബാധ്യതയാണ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിരിക്കുന്നത്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നുവെങ്കിലും വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ആവശ്യമായ തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. പിഴപ്പലിശ ഇനത്തിലുള്ള ബാധ്യത അനുദിനം വർദ്ധിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന വിഷയമായതിനാൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പട്ടികജാതി വികസന ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളുടെ ഫീസിബിലിററി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക ജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലിനോടൊപ്പം പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള ഫീസിബിലിററി സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര്/നം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം/ തീയതി |
|---|---|---|---|
| വിരുത്തിക്കാട്ടിൽ കോളനി റോഡ് കോൺക്രീറ്റ്, 113/18 | 200000 | 199106 | 2/18 21/6/17 |
| തെക്കേപ്പുറം കോളനിയിലെ തോടിന് | 400000 | 348433 | 14/18 21.9.17 |

| | | | |
|---|---|---|---|
| സംരക്ഷണ ഭിത്തി, 114/18 | | | |
| കോഴിക്കോട്ടിൽ ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ്, 105/18 | 150000 | 149829 | 9/18 28.7.17 |

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി അംഗീകാര നടപടികൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്.)നമ്പർ 72/2017/ത.സ്വ.ഭ.വ, തീ. 29/03/2017) പ്രോജക്ട് അംഗീകരിക്കുന്നതിനു മുമ്പ് ശുപാർശ ചെയ്യേണ്ട എല്ലാ ഉദ്യോഗസ്ഥരും അനുകൂലമായി ശുപാർശ ചെയ്തിട്ടുണ്ടെന്ന് പ്രോജക്ടിന് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പശ്ചാത്തല വികസന പദ്ധതികളുടെ കാര്യത്തിൽ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്ന് പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. മാത്രമല്ല പട്ടികജാതി കോളനിക്കകത്തുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താൻ പാടുള്ളൂ. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല, നഷ്ടപ്പെട്ടത് 90.4 ലക്ഷം രൂപ

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിലും, പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ച് പണമാക്കി മാറ്റുന്നതിലും വീഴ്ചവന്നത് പദ്ധതി നിർവ്വഹണത്തെ ദോഷകരമായി ബാധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | | ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | | ചെലവഴിച്ച തുക | ലാപ്സായ തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| | സ്പിൽ ഓവർ | പുതിയത് | | സ്പിൽ ഓവർ | പുതിയത് | | | |
| 2017-18 | 27 | 52 | 16215531 | 23 | 14 | 7174790 | 9040741 | 47.4 |

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ മൊത്തം പദ്ധതി അടങ്കലിന്റെ 46 ശതമാനവും വകയിരുത്തിയിരുന്നത് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുവേണ്ടിയായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രാധാന്യം ഉൾക്കൊണ്ട് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

പൂർത്തിയാക്കിയ 18 പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കാതിരുന്നതിനാൽ 25.70ലക്ഷം രൂപ പണമാക്കി മാറ്റാനാവാതെ ക്യൂവിലായി. മേൽ പറഞ്ഞ 18 പ്രവൃത്തികളുടെയും ബില്ലുകൾ മാർച്ചിലെ അവസാന പ്രവൃത്തി ദിവസമാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. 2018 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട് പേയ്മെന്റ് നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുടെയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും പേയ്മെന്റ് 2018-19 വർഷത്തെ ബജറ്റ് വിഹിതം ഉപയോഗിച്ച് നൽകേണ്ടിവരും. 2018-19 വർഷത്തെ വിഹിതം പൂർണ്ണമായി ഉപയോഗിച്ച് കഴിയുന്ന മുറയ്ക്ക് മാത്രമേ അധിക വിഹിതം അനുവദിക്കൂ. പ്രോജക്ട് നിർവ്വഹണത്തിലുണ്ടാകുന്ന കാലതാമസം മൂലം തൻ വർഷത്തെ ബജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ 2017-18 വർഷം അധിക വിഹിതം ലഭിച്ചിരുന്നില്ല. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പദ്ധതി നിർവ്വഹണം സമയബന്ധിതമാക്കുന്നതിന് സർക്കാർ കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി 31.05.17-ന് മുമ്പായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങി പദ്ധതി നിർവ്വഹണം ആരംഭിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സാമ്പത്തിക വർഷാന്ത്യത്തിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിക്കുന്ന മുൻകാല രീതിയിൽനിന്നും വ്യത്യസ്തമായി പദ്ധതി നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം മുഴുവൻ സമയം ലഭ്യമാക്കുന്നതിനായിരുന്നു സർക്കാർ ഇതിലൂടെ ഉദ്ദേശിച്ചിരുന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ ത്രൈമാസത്തിലും 25% ബഡ്ജറ്റ് തുക ചെലവഴിക്കത്തക്ക രീതിയിൽ ക്രമപ്പെടുത്തണമെന്നും, 2018 മാർച്ച് മാസം പരമാവധി 15 ശതമാനം തുകയേ ചെലവഴിക്കാൻ പാടുള്ളൂ എന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. ഒരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഇത് കൃത്യമായി പാലിക്കണമെന്നും, ഇത് പാലിക്കുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ഉത്തരവാദിത്വമായിരിക്കുമെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 23.05.17-ന് പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും നിർവ്വഹണം ആരംഭിക്കുന്നതിൽ കാലതാമസമുണ്ടായി.

ജനറൽ കമ്മിറ്റിയുടെ 16/8/17-ലെ 1ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പ്രവൃത്തികൾ ഓപ്പൺ ടെണ്ടർ ആയി നടത്തുന്നതിനാണ് തീരുമാനം എടുത്തത്. എന്നാൽ ടെണ്ടറുകൾ ലഭിച്ചപ്പോൾ 95% ടെണ്ടറുകളിലും എസ്റ്റിമേറ്റ് നിരക്കാണ് കുറഞ്ഞ നിരക്കായി രേഖപ്പെടുത്തിയിരുന്നത്. കുറവ് രേഖപ്പെടുത്തിയതിൽ തന്നെ നാമമാത്രമായ നിരക്കാണ് കുറവായി രേഖപ്പെടുത്തിയിരുന്നത്(ഉദാ. 0.01% കുറവ്). കൂടാതെ മൂന്നോ നാലോ കോൺട്രാക്ടർമാർ തന്നെയാണ് ടെണ്ടറുകളിൽ മാറി മാറി നിരക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ടുപേർ ആണ് ഓരോ പ്രോജക്ടുകൾക്കും ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് നിരക്കായതിനാൽ പഞ്ചായത്തിന് ലാഭവുമില്ല. ടെണ്ടറുകളിൽ മത്സര സ്വഭാവമില്ലാത്തതിനാൽ 16.8.17-ലെ തീരുമാനം റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു(25.9.17-ലെ അജണ്ട 2) റീടെണ്ടറിലും മിക്ക പ്രോജക്ടുകളിലും എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്യപ്പെട്ടു. നെഗോസിയേഷനിലൂടെ 5% കുറഞ്ഞ നിരക്കിലാണ് ഭൂരിഭാഗം പ്രവൃത്തികളും കരാറുകൾ ചെയ്യപ്പെട്ടത്. ടെണ്ടർ നടപടികളിലുണ്ടാകുന്ന കാലതാമസം പദ്ധതി നിർവ്വഹണത്തേയും ദോഷകരമായി ബാധിച്ചു.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ അതത് സാമ്പത്തിക വർഷം മാർച്ച് 31-നകം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 90.4 ലക്ഷം രൂപ ലാപ്സാക്കിയ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 ആശ്രയ പദ്ധതി വിഹിതം നിക്ഷേപിച്ചത് കുടുംബശ്രീയുടെ തനത് അക്കൗണ്ടിൽ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം വികസന ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ ആശ്രയ പദ്ധതി വിഹിതമായി (പ്രോ.നം.5/18) നൽകിയത് കുടുംബശ്രീയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന കനറാ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 2319101051355) ആണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്. 29.7.17-ൽ കുടുംബശ്രീയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക നാളിതുവരെ ആശ്രയ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. ആശ്രയ പദ്ധതിയ്ക്കായി നൽകിയ വികസന ഫണ്ട് കുടുംബശ്രീയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(26/25.1.18) നൽകിയതിന്റെ അടിസ്ഥാനത്തിൽ 28.01.19ലെ 656243 നമ്പർ ചെക്ക് പ്രകാരം ആശ്രയ അക്കൗണ്ടിലേയ്ക്ക് ഒരു ലക്ഷം രൂപ മാറ്റി നിക്ഷേപിച്ചതായി അറിയിച്ചു. തുക ആശ്രയ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് 29.07.17 മുതൽ നാളിതുവരെയുള്ള പലിശ കണക്കാക്കി ആയത് ആശ്രയ അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 ആശ്രയ- റീവാലിഡേറ്റ് ചെയ്യാൻ നൽകിയ ചെക്ക് തിരികെ ലഭിച്ചില്ല- വികസന ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു

ആശ്രയ രണ്ടാം ഘട്ട പദ്ധതിയ്ക്കായി ചലഞ്ച് ഫണ്ടിന്റെ രണ്ടാം ഗഡുവായി 399960 രൂപയുടെ ചെക്ക്(2431789/9.8.17) 10/11/17-ലെ 11701050017നം.രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ വരവ് എടുത്തിട്ടുണ്ടെങ്കിലും അക്കൗണ്ടിൽ ക്രഡിറ്റ് വന്നിരുന്നില്ല. തുക നാളിതുവരെ ക്രഡിറ്റിൽ വരാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 16/22.01.2019) മറുപടിയായി ചെക്ക് റീവാലിഡേറ്റ് ചെയ്യുന്നതിന് കുടുംബശ്രീ മിഷനിൽ തിരികെ നൽകിയെങ്കിലും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലെന്ന് അറിയിച്ചു. ഇത് സംബന്ധിച്ച് സി.ഡി.എസ്. ജില്ലാ കുടുംബശ്രീ മിഷന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. എന്നാൽ ചെക്ക് തിരികെ ലഭിക്കാതിരുന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ഭരണതലത്തിൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

65 ഗുണഭോക്താക്കളുള്ള രണ്ടാം ഘട്ട പദ്ധതിയ്ക്കായി ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുവായ 399960 രൂപയും വികസന ഫണ്ടിനത്തിൽ 7 ലക്ഷം രൂപയും ആണ് ലഭിച്ചിട്ടുള്ളത്. ഭക്ഷ്യ വസ്തുക്കളുടെ വിതരണം മാത്രമാണ് രണ്ടാം ഘട്ട പദ്ധതിയിൽപ്പെടുത്തി ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് ഭൂമി, ഭവനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമാണ് വികസന ഫണ്ട് ചെലവഴിക്കുവാൻ അനുമതിയുള്ളത്. ഭക്ഷണം, ചികിത്സ ഉൾപ്പടെയുള്ള ആവശ്യങ്ങൾക്ക് ചലഞ്ച് ഫണ്ടാണ് ചെലവഴിക്കേണ്ടത്. ചലഞ്ച് ഫണ്ടിനത്തിൽ 3.99 ലക്ഷം രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളതെങ്കിലും 885768 രൂപ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് മാത്രം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. പലിശയുൾപ്പടെ 151791 രൂപ മാത്രമാണ് അക്കൗണ്ടിൽ ശേഷിക്കുന്നത്. വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചാണ് ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തുവരുന്നത്. എന്നാൽ ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചലഞ്ച് ഫണ്ട് ലഭ്യമാകുമ്പോൾ വികസന ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യാമെന്ന വിധേയമായി വികസന ഫണ്ട് ചെലവഴിക്കുന്നതിന് അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല.

മെമ്പർ സെക്രട്ടറി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നിലവിൽ 22 ഗുണഭോക്താക്കളുള്ള ആശ്രയ ആദ്യ ഘട്ട പദ്ധതിയ്ക്കായി 10 ലക്ഷം രൂപ ചലഞ്ച് ഫണ്ട് ലഭിച്ചതിൽ 514000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആദ്യ ഘട്ട പദ്ധതിയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 708562 രൂപയാണ്. ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കാത്തതിനാൽ വരവ് ചെലവ് കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ആദ്യ ഘട്ട പദ്ധതിയിൽ ചലഞ്ച് ഫണ്ട് ലഭ്യമായിരിക്കേ ആയത് ഉപയോഗിക്കാതെ വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് ഭരണതലത്തിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം | 25/2017-2018 |
| വകയിരുത്തിയ തുക | 600000(വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 600000 |
| ബിൽ നം/തീയതി, തുക | 1/2017-18, 9-8-17, 127800 |
| | 2/2017-18,11-10-17, 31600 |
| | 3/2017-18,1/11/17,31600 |
| | 4/2017-18,22/12/17,31600 |
| | 5/2017-18,23/1/18,63200 |
| | 6/2017-18,23/2/18,150242 |
| | 7/2017-18,13/3/18,-31600 |
| | 8/2017-18,28/3/18,-132358 |

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് 2017-18-ൽ 600000/-രൂപ ചെലവഴിച്ചിരുന്നു. ഒരു ഹോംകെയർ ടീമാണ് പഞ്ചായത്ത് പ്രദേശത്ത് പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. ടീം വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനത്തിൽ ഭവന സന്ദർശനങ്ങൾ നടത്തുന്നു. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) വാഹന വാടക നൽകുന്നത് ചട്ടപ്രകാരമല്ല**

29.10.15-ലെ സ.ഉ.(സാധാ.) നം.3217/2015/ത.സ്വ.ഭ.വ. ഉത്തരവിൽ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക (രാവിലെ ഹോം കെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെയുള്ള ഒരു ദിവസത്തേക്ക് ) താഴെപ്പറയും പ്രകാരമാണ്.

| ഓടുന്ന ദൂരം (Up and down) | 15-24 കി.മീ. | 25-34 കി.മീ. | 35-44 കി.മീ. | 45-കി.മീ. ൽ കൂടുതൽ |
|---|---|---|---|---|
| പരവാവധി തുക | 800 | 900 | 1000 | 1100 രൂപ |

വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ യാത്ര ആരംഭിച്ച സ്ഥലം, സമയം, വാഹനത്തിന്റെ ഓഡോമീറ്റർ റീഡിംഗ്, യാത്ര അവസാനിച്ച സ്ഥലം, സമയം, ഓഡോമീറ്റർ റീഡിംഗ് എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഗതാഗത വകുപ്പ് അംഗീകരിച്ച നിരക്ക്, വെയ്റ്റിംഗ് ചാർജ്ജ് എന്നിവ പ്രകാരം വാടക കണക്ക് കൂട്ടി പരമാവധി ദിവസവാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായാണ് വാടക അനുവദിക്കേണ്ടത്.

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനത്തിന് നിലവിൽ വാടക നൽകുന്നത് ഒരു ദിവസം ഭവനസന്ദർശനത്തിന് 1100/- രൂപയും എന്ന നിരക്കിലാണ്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ സഞ്ചരിച്ച ദൂരം, സമയം, ഓഡോമീറ്റർ റീഡിംഗ് എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതുമൂലം വാഹനവാടക നൽകുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റിംഗ് കമ്മിറ്റിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കാര്യക്ഷമമായ ഇടപെടലും നിരീക്ഷണവും ഉണ്ടായിരിക്കേണ്ടതാണ്.

## 3-8 മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്നു വാങ്ങുന്നതിനായി സർക്കാർ ഏജൻസികളിൽ പണം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പ്രോജക്ടിന്റെയും പേര് | പണം കൈപ്പറ്റിയ ഏജൻസി/ സ്ഥാപനം | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പാലിയേറ്റീവ് കെയർ പ്രോഗ്രാം (പ്രോജക്ട് നം.S025/2017-18) | KMSCL, തിരുവനന്തപുരം | 156400 | 120437 | 35963 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ മൂലം റോഡുകൾ ഗതാഗത യോഗ്യമാകുന്നില്ല

പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ഭാഗങ്ങളായി വിഭജിച്ചാണ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അപൂർണ്ണമായി തയ്യാറാക്കുന്ന രീതി അഭിലഷണീയമല്ല. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും, റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്നും കണക്റ്റിവിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. തൻ വർഷം റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് തുക വകയിരുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അടങ്കൽ തുക | പ്രോജക്ടുകളുടെ എണ്ണം |
|---|---|
| >=100000 | 12 |
| | |

| | |
|---|---|
| 100000<=200000 | 12 |
| 200000<=300000 | 7 |
| 300000<=400000 | 1 |

തൻ വർഷം ആവിഷ്കരിച്ച ഭൂരിഭാഗം കോൺക്രീറ്റിംഗ് പ്രവൃത്തികളും 2ലക്ഷമോ അതിൽ താഴെയോ അടങ്കലുള്ളവയാണ്. 50 മീറ്ററോ അതിൽ താഴെയോ റോഡ് ഭാഗം മാത്രമാണ് ഭൂരിഭാഗം പ്രവൃത്തികളിലും കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. താരതമ്യേന ചെറിയ അടങ്കലുള്ള പ്രോജക്ടുകളാണ് ആവിഷ്കരിക്കുന്നത് എന്നതിനാൽ തന്നെ ലഭിക്കുന്ന ടെണ്ടറുകളിലും മത്സര സ്വഭാവമില്ല. ഒരു റോഡ് പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്ന തരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ഇ-ടെണ്ടർ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്താൽ ഗ്രാമപഞ്ചായത്തിന്റെ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പ്രോജക്ട് നിർവ്വഹണം സാധ്യമാകൂ. റോഡ് കണക്ടിവിറ്റി പദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗതാഗത മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം തുടർനടപടികൾക്കായി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 36.27ലക്ഷം അടങ്കലുള്ള 17 മരാമത്ത് പ്രവൃത്തികളിൽ 16.71 ലക്ഷം രൂപ ചെലവഴിച്ച് 8 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത്. ഓഡിറ്റ് വർഷം മാത്രമല്ല മുൻവർഷങ്ങളിലും റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വാർഷിക പദ്ധതിയിൽ ലഭ്യമായ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2012-13 | 1431000 | 25131 | 1.31 |
| 2013-14 | 3269869 | 1900027 | 58.11 |
| 2014-15 | 3379942 | 1899335 | 56.19 |
| 2015-16 | 1690322 | 1054047 | 62.36 |
| 2016-17 | 2554755 | 830090 | 32.49 |
| 2017-18 | 4535669 | 2537627 | 55.95 |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും പ്രോജക്ട് നിർദ്ദേശങ്ങൾ സ്വീകരിച്ച് മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ – ജി.ഒ (എം.എസ്)72/17/ത.സ്വ.ഭ.വ തീയതി 29.03.2017 ഖ:13.6]. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമാണ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിരുന്നില്ല. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്ന പ്രോജക്ടുകൾ അദ്ധ്യായനവർഷം ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കത്തക്ക രീതിയിൽ നിർവ്വഹണം ക്രമീകരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. സ്കൂളുകളുടെ/അങ്കണവാടികളുടെ പുനരുദ്ധാരണത്തിനായി തൻവർഷം ആവിഷ്കരിച്ച 12.32 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 7 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സ്മാർട്ട് ക്ളാസ്സ് റൂം പ്രവർത്തന രഹിതം

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടായ ഗവ ക്ലാസ്സുകൾക്ക് സ്മാർട്ട് റൂം (52/2018)എന്ന പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പൂർണ്ണമായും പ്രളയത്തിൽ നഷ്ടപ്പെട്ടിരുന്നു. ഗവ യു.പി.എസ്സ് പുതുശ്ശേരിമല, ഗവ. എൽ.പി എസ്സ്, റാന്നി എന്നീ സ്കൂളുകളിൽ നടത്തിയ ഭൗതിക പരിശോധനയിൽ സ്മാർട്ട് ക്ളാസ്സ് റൂമിനാവശ്യമായ സാധങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുകയും നേരിട്ടുള്ള അന്വേഷണത്തിൽ പഞ്ചായത്തിലെ 4 ഗവ. സ്കൂളുകൾക്കും സെക്രട്ടറി സ്മാർട്ട് ക്ലാസ്സ് റൂമുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകിയതായി അറിയാൻ സാധിക്കുകയും ചെയ്തു. വാങ്ങി 6 മാസത്തിനകം തന്നെ 4 സ്കൂളുകൾക്കും നൽകിയ ലാപ് ടോപ്പുകൾ പ്രവർത്തനക്ഷമമല്ലാതായെന്ന് സ്കൂൾ അധികാരികൾ അറിയിച്ചിട്ടുണ്ട്. പരിശോധനാ വേളയിൽ ലാപ് ടോപ്പുകൾ പ്രവർത്തന ക്ഷമമല്ലെന്നും നിലവിൽ ഇന്ററാക്ടീവ് ബോർഡ് ഉപയോഗപ്പെടുത്തിയുള്ള ക്ലാസ്സുകൾ കുട്ടികൾക്ക് നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും വ്യക്തമായി.

സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് പത്രിക പ്രകാരം 800000 (218800- വികസന ഫണ്ട്+ 581200-ധനകാര്യ കമ്മീഷൻ അവാർഡ്) രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തുകയും 799259 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാംഖ്യ വെബ്ബ് പരിശോധിച്ചതിൽ നിന്നും തുക പിൻവലിച്ച് നൽകിയിട്ടുള്ളത് കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനത്തിനാണ്. തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---|
| 145 / 26.02.2018 | 581200 |
| 178 /17.03.2018 | 218059 |

പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21.11.2016 ലെ NEP3 110192'2015/Dpt ഉത്തരവിലും 30.05.2017 ലെ NEP3/40036/2017/DPI ഉത്തരവിലും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകൾക്കും ആവശ്യമായ ICT Hardware ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ മുഖേന വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ രേഖകൾ ഇല്ലാത്തതിനാൽ സാധനങ്ങളുടെ വില, ഗുണ നിലവാരം, വാറന്റി സംബന്ധമായ വിവരങ്ങൾ എന്നിവ ഉറപ്പാക്കാനായിട്ടില്ല.

കെ.എം. ടെക്നോളജീസുമായി ബന്ധപ്പെട്ട് ലാപ്ടോപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് സ്മാർട്ട് ക്ലാസ്സ് റൂമിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനുമുള്ള സത്വര നടപടികൾ പഞ്ചായത്തധികൃതർ കൈക്കൊള്ളേണ്ടതാണ്.

## 3-12 പാലിന് സബ്സിഡി - ഗുണഭോക്താക്കൾ ക്ഷീര കർഷകരാണെന്നതിന്റെ രേഖകളില്ല

| പ്രോജക്ടിന്റെ പേര്, നം. | പാലിന് സബ്സിഡി |
|---|---|
| അടങ്കൽ | 200000(100000- വികസന ഫണ്ട് + 100000- ബ്ലോക്ക് വിഹിതം) |
| ചെലവ് | 200000 |

2017-18 വർഷം ഡയറി ഫാം ഇൻസ്പെക്ടർ പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ വികസന ഫണ്ട് 100000 രൂപയും ബ്ലോക്ക് വിഹിതം 100000 രൂപയും വകയിരുത്തി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ട്.

| ബിൽ നം./ ചെക്ക് നം, തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 182/23.03.2018 | 14429 | 21 |
| 180/20.03.2018 | 36220 | 11 |
| 181/23.03.2018 | 49351 | 13 |
| 3025982/20.03.2018(ചെക്ക്) | 100000 | 30 |

എന്നാൽ ടി ക്ഷീരകർഷകർ ഏത് ക്ഷീര സഹകരണ സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്നോ ഏത് കാലയളവിലേക്കുള്ള പാലിന്റെ സബ്സിഡി ആണ് അനുവദിച്ചതെന്നോ അളന്ന പാലിന് ആനുപാതികമായ സബ്സിഡിയാണ് നൽകിയതെന്നോ പരിശോധിക്കുവാനാവശ്യമായ യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് നൽകിയ എൻക്വയറിക്ക് (നം.27/25.01.2019) മറുപടിയായി രേഖകൾ ഹാജരാക്കാൻ സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്. ചെലവിനാധാരമായ രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 3-13 വാട്ടർ ടാങ്ക് വാങ്ങി നൽകൽ-ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കിയിട്ടില്ല

| പ്രോജക്ട് നം. | എസ് 0061/2018 |
|---|---|
| അടങ്കൽ | 179400 (134550 - വികസന ഫണ്ട്(എസ് സി പി) + 44850 - ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 179400 |

പഞ്ചായത്തിലെ എസ് സി വിഭാഗത്തിൽപ്പെട്ട 60 കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. വാട്ടർ ടാങ്ക് ഒന്നിന് 2990 രൂപ (2534 +456(ജി,എസ്.ടി) നിരക്കാണ് ക്വട്ടേഷനിൽ അംഗീകരിച്ചിരുന്നത്. PMM & SONS ആയിരുന്നു കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത്. ഫയൽ പരിശോധിച്ചതിൽ 60 വാട്ടർ ടാങ്കുകൾക്ക് 179400 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 60 ഗുണഭോക്താക്കളുടെയും അപേക്ഷകളും കൈപ്പറ്റും പരിശോധിച്ചതിൽ 7 പേർ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടി വ്യക്തികളെ 16.02.2018 ലെ 2/12-ാം തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ടി വ്യക്തികളെ ഗ്രാമ സഭ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/24.1.2019) മറുപടിയായി ഗ്രാമസഭാ മിനിട്ട്സ്

പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ ഹാജരാക്കുവാൻ സാധിക്കാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരുംമേൽ വിലാസവും |
|---|---|
| 1 | ജയേഷ്, കല്ലുകാലായിൽ, വാർഡ് 5 |
| 2 | പിറ്റി ഗോപകുമാർ, കല്ലുകാലായിൽ, വാർഡ് 5 |
| 3 | പി എ ഭാസ്കരൻ, പാറയ്ക്കൽ, വാർഡ് 5 |
| 4 | ജാനമ്മ, കല്ലുകാലായിൽ, വാർഡ് 5 |
| 5 | മീനാക്ഷി, കല്ലുകാലായിൽ, വാർഡ് 5 |
| 6 | പ്രസന്നകുമാരി, മുള്ളംവാരത്തിൽ, വാർഡ് 9 |
| 7 | സജി എസ് , തുളസിമുറ്റം, വാർഡ് 12 |

ആയതിനാൽ ടി ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997- ലെ ഒ.പി. നം. 18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാര സ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 3-14 ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ബയോഡൈജസ്റ്റർ പോട്ട്(78/18) , ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (126/18) എന്നീ പ്രോജക്ടുകൾക്കായി ഗുണഭോക്തൃ വിഹിതമായി യഥാക്രമം 745, 2078 എന്നിങ്ങനെ തുകകൾ ഈടാക്കിയിട്ടുണ്ട്.

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പദ്ധതി 2016-17 ൽ ആവിഷ്കരിക്കുകയും ടി വർഷം 36 ഗുണഭോക്താക്കൾക്കും പിന്നീട് പദ്ധതി സ്പിൽ ഓവറാക്കി 2017-18 ൽ 71 ൽ ഗുണഭോക്താക്കൾക്ക് കൂടിയും പദ്ധതി പ്രയോജനം ലഭ്യമാക്കുകയുണ്ടായി. എന്നാൽ 2 വ്യക്തികൾ ഗുണഭോക്തൃ വിഹിതം അടച്ചിരുന്നുവെങ്കിലും അവർക്ക് ഗാർഹിക ബയോഗ്യാസ് പ്ലാന്റ് ലഭ്യമാക്കിയില്ല. ബയോഡൈജസ്റ്റർ പോട്ട് എന്ന പദ്ധതിക്കായി 2071-18 ൽ 46500 രൂപവീതം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ഗുണഭോക്തൃവിഹിതം എന്നിവ വകയിരുത്തിയിരുന്നുവെങ്കിലും 2 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതി ആനുകൂല്യത്തിനായി മുന്നോട്ട് വന്നത് എന്ന കാരണത്താൽ പദ്ധതി നടപ്പിലാക്കിയില്ല. 2018-19 ൽ ടി.പ്രോജക്ട് സ്പിൽ ഓവറാക്കിയിട്ടുമില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | പ്രോജക്ടിന്റെ പേര് | പഞ്ചായത്തിൽ ഒടുക്ക് വരുത്തിയ ഗുണഭോക്തൃ വിഹിതം | രസീത് നം. / തീയതി |
|---|---|---|---|---|
| 1 | ഗീത എസ്സ്, കല്ലുവിള പുത്തൻ വീട്, വൈക്കം | ബയോഡൈജസ്റ്റർ പോട്ട് | 775 | 47/11325 തീയതി 14.12.2017 |
| 2 | മറിയാമ്മ ജോസഫ് പുതുപ്പറമ്പിൽ അലക്ക് കല്ലുങ്കൽ | “ | 775 | 49/11325 തീയതി 20.12.2017 |
| 3 | മോഹനൻ കെ എൻ, കൊല്ലൻ പറമ്പിൽ, പുതുശ്ശേരിമല പി ഒ റാന്നി, വാർഡ് -7 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 2080 | 60/61900 തീയതി 02.03.2017 |
| 4 | തോമസ് പി ഐ, പരത്തോട്ടത്തിൽ രാജ്ഭസ് വില്ല, വാർഡ്-3 | “ | 2080 | 96/61900 തീയതി 13.03.2017 |
| ആകെ | | | 5710 | |

പദ്ധതി ആനുകൂല്യം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ നൽകാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-15 വീട് വാസയോഗ്യമാക്കൽ (എസ് സി പി)-അവസാന ഗഡു നൽകിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ്.0058/2018 |
| അടങ്കൽ | 1000000(വികസന ഫണ്ട്-എസ് സിപി) |
| ചെലവ് | 844556 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

ഗുണഭോക്താക്കൾക്ക് പരമാവധി 100000 രൂപ വീതം ധനസഹായം എന്ന നിരക്കിൽ 10 വ്യക്തികൾക്ക് സബ്സിഡി നൽകുവാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേരും വിലാസവും | വാല്യുവേഷൻ പ്രകാരം നൽകേണ്ട തുക | നൽകിയ തുക | നൽകാൻ അവശേഷിക്കുന്നത് |
|---|---|---|---|
| ഗൗരി, കൊച്ചുമുറിയിൽ, ഉതിമൂട്, വാർഡ്-9 | 56445 | 50000 | 6445 |

ടി അപാകതയ്ക്ക് നൽകിയ എൻക്വയറിക്ക് (21/24.01.2019) 2018-19-ൽ ജനകീയാസൂത്രണത്തിൽ സ്പിൽ ഓവറായി പ്രോജക്ട് ഉൾപ്പെടുത്തുകയും നിലവിൽ ടിയാൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള തുക നൽകുന്നതാണെന്നുമാണ്. വാല്യുവേഷൻ പൂർത്തിയാക്കി അവസാന ഗഡു ഗുണഭോക്താവിന് നൽകേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം തീർപ്പാക്കേണ്ടതുമാണ്.

# 3-16 കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽനിന്നും 2013-14ൽ അൻപതിനായിരത്തോളം രൂപ വിലവരുന്ന കാർഷിക യന്ത്രോപകരണങ്ങൾ ലഭിച്ചിരുന്നു. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്. ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. ഉപകരണങ്ങൾ സി.ഡി.എസ്. ഓഫീസിന് സമീപമുള്ള മുറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്. ലഭിച്ച ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | Portable pumpset with 30 metre hose | 1 | 8000 | 8000 |
| 2 | Knapsack Sprayer 12 Litre | 1 | 6000 | 6000 |
| 3 | Sprayer 3 Litre | 1 | 7000 | 7000 |
| 4 | Garden fork | 4 | 3000 | 12000 |
| 5 | Thumpa | 6 | | 1000 |
| 6 | Hand cultivater | 3 | | 1500 |
| 7 | Aspel | 1 | 600 | 600 |
| 8 | Rocker sprayer | 1 | 1000 | 1000 |
| 9 | Little Sprayer, 1.5 L | 1 | 1000 | 1000 |
| 10 | Koonthali | 6 | | 200012 |
| 11 | Asper Brass, 9L | 1 | 3000 | 3000 |
| 12 | Wheel Barrow | 1 | 6900 | 6900 |
| | TOTAL | | | 50000 |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വളരെയേറെ പ്രയോജനപ്പെടുമായിരുന്ന ഈ ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് സി.ഡി.എസ്. അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. പരിശീലനം നൽകാനുള്ള സംവിധാനം ഏർപ്പെടുത്താൻ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിനെ സമീപിക്കേണ്ടതും കുടുംബശ്രീ മിഷൻ വിഭാവനം ചെയ്തിരുന്ന പോലെയുള്ള കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# 3-17 റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം നടപ്പിലാക്കിയ മെയിന്റനൻസ് പ്രവൃത്തികളുടെ നിർവ്വഹണത്തിലുണ്ടായ അപാകതമൂലം ഫണ്ട് വിനിയോഗിച്ചതിന്റെ പൂർണ്ണ പ്രയോജനം സിദ്ധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) പുതുശ്ശേരിമല ഗവ. യു.പി.എസ് . മെയിന്റനൻസ്

സ്കൂൾ മെയിന്റനൻസിന് തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം/പേര് | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | പുതുശ്ശേരിമല ഗവ.യു.പി.സ്കൂൾ മെയിന്റനൻസ്& കിണർ മെയിന്റനൻസ്, (സ്പിൽ ഓവർ), 103/18 | 410819 | |
| 2 | പുതുശ്ശേരിമല ഗവ. യു.പി.എസ്. നവീകരണം (രണ്ടാം ഘട്ടം) (സ്പിൽ ഓവർ), 109/18 | 293776 | |
| 3 | പുതുശ്ശേരിമല ഗവ. യു.പി.എസ്. ഫസ്റ്റ് ഫ്ലോർ നവീകരണം, 89/18, അടങ്കൽ-300000 | - | 2018-19 വർഷം സ്പിൽ ഓവർ പ്രോജക്ട്- എഗ്രിമെന്റ് വച്ച് ലൈബ്രറി കെട്ടിട നിർമ്മാണം ആരംഭിച്ചു |

പ്രോജക്ട് നംപർ 103/18 പ്രകാരം ചോർന്നൊലിക്കുന്ന സ്കൂൾ കെട്ടിടത്തിനെ സംരക്ഷിക്കുന്നതിനായി കെട്ടിടത്തിന്റെ മേൽക്കൂരയിൽ ഷീറ്റ് ഇടുക, സ്റ്റെയർ കേയ്സ് നിർമ്മിക്കുക, ഇടിഞ്ഞു താണ കിണർ റിങ്ങുകളിട്ട് സംരക്ഷിക്കുക എന്നീ പ്രവൃത്തികളാണ് ചെയ്തിരിക്കുന്നത്. ഭൗതിക പരിശോധനയിൽ ഒറ്റ നില കെട്ടിടത്തിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്യപ്പോൾ മുൻവശം ഒഴികെ മറ്റ് മൂന്നവശങ്ങളിലും മേൽക്കൂരയുടെ അതേ ലവലിൽ റൂഫിംഗ് ചെയ്തതിനാൽ മഴക്കാലത്ത് ഭിത്തികൾ നനയുകയും കെട്ടിടത്തിന്റെ ഷേഡുകളിൽ വീഴുന്ന വെള്ളം ഭിത്തികളിലൂടെ ക്ലാസ് മുറികളുടെ നിലത്തേയ്ക്ക് ഊർന്നിറങ്ങിറങ്ങുകയുമാണ്. കെട്ടിടത്തിന് സംരക്ഷണം ഉറപ്പാക്കുന്ന തരത്തിൽ ട്രസ് വർക്ക് ചെയ്യാത്തതിനാൽ ഈ പ്രവൃത്തി കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിച്ചില്ല.







109/18 നമ്പർ പ്രോജക്ട് പ്രകാരം സ്റ്റെയർ കേയ്സിന് മുകളിൽ അലൂമിനിയം റൂഫിംഗ് നൽകുക, കെട്ടിടത്തിന് പാരപ്പറ്റ് കെട്ടുക, സ്കൂൾ വാഹനത്തിന് പാർക്കിംഗ് ഷെഡ് നിർമ്മിക്കുക എന്നീ പ്രവൃത്തികളാണ് ചെയ്തിരിക്കുന്നത്. പാരപ്പറ്റ് കെട്ടുന്ന പ്രവൃത്തി 2.707m3 അളവിൽ ചെയ്തതിന് എം3-ന് 5608.45 രൂപ നിരക്കിൽ 15182.07 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൗതിക പരിശോധനയിൽ ക്രമനം.3 പ്രവൃത്തി(പ്രോജക്ട് നം-89/18) ആരംഭിച്ചതായി കണ്ടു. ലൈബ്രറി റൂം നിർമ്മിക്കുന്നതിനായി ഭിത്തി കെട്ടി വാതിലും സ്ഥാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാരപ്പറ്റ് ആവശ്യമില്ലാത്ത നിർമ്മാണമായി മാറിയതിനാൽ അതിനായി ചെലവഴിച്ച 15182 രൂപ പാഴായി. മാത്രമല്ല ഭിത്തിയ്ക്കും പാരപ്പറ്റിനും ഇടയ്ക്കുള്ള വിടവിൽ കുട്ടികൾ കയറി അപകടമുണ്ടാകാനുള്ള സാധ്യതയുമുണ്ട്. ഇതിനിടയിൽ വെള്ളം വീണാൽ താഴേയ്ക്ക് ഊർന്നിറങ്ങുന്ന അവസ്ഥയാണ്. മാത്രമല്ല പാരപ്പറ്റും സ്റ്റെയർകേയ്സും തമ്മിൽ ചേരുന്ന ഭാഗം പകുതിയിലധികം വാതിലിനെ മറയ്ക്കുന്ന നിലയിലാണ് വാതിൽ സ്ഥാപിച്ചിരിക്കുന്നത്.





ഇത്തരത്തിൽ അശാസ്ത്രീയമായി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനാൽ ചെലവഴിക്കുന്ന ഫണ്ട് പാഴാകുന്ന ദുരവസ്ഥയാണുള്ളത്. ഇത് തുടർനടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-18 ഫിറ്റ്നെസ്സ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു

റാന്നി ഗ്രാമപഞ്ചായത്തിലെ 02.06.2017 ലെ (അജണ്ട 6-തീരുമാനം -1 ) ജനറൽ കമ്മിറ്റി മിനിട്ട്സ് പ്രകാരം പഞ്ചായത്തിലെ അംഗൻവാടികളുടെ നില വളരെ ശോചനീയമാണെന്നും ആകെയുള്ള 18 അങ്കണവാടികളിൽ 10 അങ്കണവാടികളും നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണെന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 1,18എന്നീ നമ്പർ അങ്കണവാടികൾക്ക് മാത്രമാണ് നിലവിൽ ഫിറ്റ്നെസ്സ് ഉള്ളതെന്നും വ്യക്തമായിട്ടുണ്ട് . ബാക്കിയുള്ള അങ്കണവാടികളെ ഫിറ്റ്നെസ്സ് ഉള്ള കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ ഐസിഡിഎസ്സ് സൂപ്പർവൈസർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപടികൾ വൈകുന്നു. 8-ാം നമ്പർ അങ്കണവാടിയുടെ അവസ്ഥ വളരെ ശോചനീയമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(എംഎസ്) നം 72/2017/തസ്വഭവ തീയതി 29.03.2017ഖണ്ഡിക 12.13.2 പ്രകാരം അങ്കണവാടികൾക്ക് ആവശ്യമായ സ്ഥലം വാങ്ങൽ, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണീച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്യൽ എന്നിവയ്ക്കായുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 2017-18 കാലയളവിലെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ 3,6 എന്നീ നമ്പർ അങ്കണവാടികൾക്ക് മാത്രമാണ് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. ഒരു പുതിയ അങ്കണവാടി കെട്ടിടത്തിനായി പഞ്ചായത്ത് വിഹിതമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 400000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. 16, 17 എന്നീ അങ്കണവാടികളുടെ നവീകരണത്തിനായി ഒരു ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടില്ല.
കെട്ടിടങ്ങളുടെ അവസ്ഥ കുട്ടികളുടെ ജീവനു തന്നെ ഭീഷണിയാണെന്ന് ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ കുറച്ച് കൂടി സുരക്ഷിതത്വമുള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന് വൈകുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടേയും ഭാഗത്തുള്ള വീഴ്ചയാണ്. ഫിറ്റ്നെസ്സ് ഉള്ള കെട്ടിടങ്ങളിലേക്ക് അടിയന്തിരമായി അങ്കണവാടികൾ മാറ്റേണ്ടതാണ് . സ്ഥല ലഭ്യതയ്ക്കനുസരിച്ച് പുതിയ കെട്ടിടം, അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

# 3-19 സംയുക്ത പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി തുക വകയിരുത്തുകയും തുകകൾ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 136/2018 |
| പ്രോജക്ടിന്റെ പേര് | പുതിയ അങ്കണവാടി കെട്ടിട നിർമ്മാണം-പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 400000 |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് തുക | 400000 |
| ബിൽ നം./ തീയതി | |

| | |
|---|---|
| പ്രോജക്ട് നം | 144/2018 |
| പ്രോജക്ടിന്റെ പേര് | ആധുനിക ശ്മശാനം- വിഹിതം കൈമാറൽ |
| അടങ്കൽ | 1000000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് തുക | 1000000 |
| ബിൽ നം./ | |

| | |
|---|---|
| തീയതി | |

ടി പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തികളാണെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ അറിയാൻ സാധിച്ചുവെങ്കിലും പ്രളയത്താൽ ഫയലുകളും അനുബന്ധ രേഖകളും നഷ്ടപ്പെട്ടതിനാൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ടി പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | അടങ്കൽ തുക, ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | ഡെപ്പോസിറ്റ് തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 5 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (36/18) | 648210 | കെ.എസ്.ഇ.ബി |

പരിശോധനയ്ക്ക് രേഖകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ടി. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം കെ.എസ് .ഇ.ബി.യിൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി-18 പ്രകാരം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ (മുൻവർഷങ്ങളിലേതുൾപ്പെടെ) 1263010 രൂപയുടെ പ്രവൃത്തികൾക്കും പി.ഡബ്ല്യഡി.യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ (മുൻവർഷങ്ങളിലെ) 585000 രൂപയുടെ പ്രവൃത്തികൾക്കും വിനിയോഗ സാക്ഷ്യപത്രം കിട്ടാതെ അവശേഷിക്കുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ യഥാസമയം ഉൾപ്പെടുത്തേണ്ടതും ഡെപ്പോസിറ്റ് തുകകളുടെ കണക്കുകൾ വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

| *വായ്പയുടെ പേര്/ ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/ തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(മുതൽ)* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(മുതൽ)* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| ഇ.എം.എസ് ഭവന പദ്ധതി | * | 7078500 | 823175 | 823175 | - | - |

* ഫയലുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ ഇ.എം.എസ് ഭവന പദ്ധതി, ഷോപ്പിംഗ് കോംപ്ലക്സ് വായ്പ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| *റിപ്പോർട്ട്* | *ഭാഗം/* | *ഈടാക്കിയ* | *ഒടുക്കിയ ആളുടെ* | *രസീത്* |
|---|---|---|---|---|

| *വർഷം* | *ഖണ്ഡിക* | *തുക* | *പേരും ഉദ്യോഗപ്പേരും* | *നമ്പർ/ തീയതി* |
|---|---|---|---|---|
| * | | | | |
| ആകെ | | 11505 | | |

* വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയാണ് ഓഡിറ്റ് റിക്കവറിയായി കാണിച്ചിട്ടുള്ളത്. രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ മറ്റ് വിവരങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ വ്യക്തികളുടെ പേര്/ ഉദ്യോഗപ്പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | ആർ.ആർ നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| **ഇല്ല** | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം] | 65506301.42 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54075718.21 |
| വരവിനങ്ങളിലുള്ള നഷ്ടം | **ഇല്ല** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22038 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **ഇല്ല** |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| *ഖണ്ഡിക നം.* | *നഷ്ടമായ തുക* | | | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|---|
| | *ചാർജ്ജ്* | *സർചാർജ്ജ്* | | |
| 3-1 | | 22038 | 11019 | ശ്രീമതി എം.റ്റി.അനിതകുമാരി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 11019 | ശ്രീമതി ലത എം എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| **ആകെ** | | **22038** | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

**ഇല്ല**

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി എം റ്റി അനിതകുമാരി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറ്റാർ | സൗപർണ്ണിക, ആനന്ദപ്പള്ളി പി ഒ, അടൂർ |
| ശ്രീമതി ലത എംഎസ്സ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി ഡിവിഷൻ | മാരേറ്റ് തെക്കേവീട്ടിൽ, പുതുശ്ശേരി പിഒ, തിരുവല്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/558/2003 തീയതി 15-09-2003 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി 4/559/2003 തീയതി 15-09-2003 | 6 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി 4/549/2007 തീയതി 13-11-2007 | |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി 4/182/2005 തീയതി 17-06-2005 | |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 4/299/2002 തീയതി 13-12-2002 | 37 |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/434/2005തീയതി 04-05-2006 | |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/420/2003തീയതി 05-12-2003/17-04-2004 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.2/483/2003 തീയതി 08-01-2004/19-07-2004 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.2/421/2003 തീയതി 05-12-2003/01-04-2004 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/590/2001 തീയതി 19-01-2010/12-08-2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/251/2006 തീയതി 12-09-2006/15-03-2007 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി5/591/2009 തീയതി 19-01-2010/12-08-2010 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/285/2008 തീയതി 05-02-2009/14-01-2010 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ- | 5 |

| | | |
|---|---|---|
| | പി8/42/2010തീയതി<br>06-05-2011/10-06-2011 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.8/43/2010<br>തീയതി<br>06-05-2011/07-06-2011 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.8/158/2011<br>തീയതി<br>29-03-2011/11-04-2011 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി8/159/11 തീയതി<br>29-03-2011/11-04-2011 | 25 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.8/188/11 തീയതി<br>11-05-2011/09-06-2011 | 27 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 8/300/2011<br>തീയതി<br>11-05-2011/07-06-2011 | 21 |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി 6/613/2013<br>തീയതി 11-11-2013/19-03-2014 | 18 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 6/614/2013<br>തീയതി 11-11-2013/19-03-2014 | 14 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/159/2015<br>തീയതി 13-05-2015/23-05-2015 | 30 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 6/480/2015<br>തീയതി 25-07-2015 | 8 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ -പി 6/837/2016<br>തീയതി 25-07-2016 | 8 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ -പി 6/1292/2016<br>തീയതി 03-12-2016 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ -പി<br>6/667/2017തീയതി 17.06.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബീബ് മുഹമ്മദ്**
**ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ.പി.റ്റി.എ.പി6/89/2019** **തീയതി 22.02.2019**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **റാന്നി ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **റാന്നി ഗ്രാമപഞ്ചായത്തിന്റെ** 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

<u>AUDIT CERTIFICATE</u>

**No.KSAPTA.P6/89/2019** **Dtd 22.02.2019**

Certified that I have Audited the Annual Financial Statement of **Ranni Grama Panchayat** in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules

made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ranni Grama Panchayat** for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G.)

Kerala State Audit Department

Pathanamthitta

# അനുബന്ധം-2 റാന്നി ഗ്രാമപ്പഞ്ചായത്ത് - പ്രളയം മൂലം നഷ്ടപ്പെട്ടതിനാൽ ലഭ്യമാക്കാതിരുന്ന രേഖകളുടെ സംക്ഷിപ്ത വിവരം

| ക്രമ നം. | ഓഫീസിന്റെ/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | നശിച്ചുപോയതും ലഭ്യമാക്കാത്തതുമായ രേഖകളുടെ വിവരം |
|---|---|---|
| 1 | റാന്നി ഗ്രാമപ്പഞ്ചായത്ത് | 14.08.2018 വരെ ഉപയോഗിച്ച രസീത് ബുക്ക്, ഉപയോഗിക്കാത്ത രസീത് ബുക്ക്,സാംഖ്യാ രസീതുകൾ, 14.08.2018 വരെയുള്ള ഡേ ബുക്ക്, 14.08.2018 വരെയുള്ള വൗച്ചറുകൾ, ബില്ല് രജിസ്റ്റർ, ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ, ചെക്ക് ബുക്ക്, പാസ്ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബഡ്ജറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് ബുക്ക്, അറ്റന്റൻസ് രജിസ്റ്റർ, നോട്ടീസ് ബുക്ക്, റസിഡൻഷ്യൽ ഓണർഷിപ്പ് അപേക്ഷ ഫോം, അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ, ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ ഫോമുകളും രജിസ്റ്ററുകളും, ട്രേഡേഴ്സ് ലിസ്റ്റ്, പെർമിറ്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ്, നമ്പറിംഗ്, ഉടമസ്ഥാവകാശം മാറ്റൽ-അപേക്ഷ ഫോമുകൾ, മെമ്പർമാരുടെ അക്വിറ്റൻസ് രജിസ്റ്റർ, ഓഫീസ് കളക്ഷൻ രജിസ്റ്റർ, ജീവനക്കാരുടെ അക്വിറ്റൻസ്, അറ്റന്റൻസ് രജിസ്റ്റർ, നോട്ടീസ് ബുക്ക്, ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, സ്റ്റോക്ക് രജിസ്റ്റർ, രസീതു ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ, വാഹനവുമായി ബന്ധപ്പെട്ട ഫയലുകൾ, ലോഗ് ബുക്ക്, ഇൻക്യുംബെൻസി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, വിവിധ കേസുകളുമായി ബന്ധപ്പെട്ട ഫയലുകൾ, ഗ്രാമസഭ മിനിട്സ് ബുക്ക്, അറ്റന്റൻസ് ബുക്ക്, സെക്രട്ടറിയുടേയും<br>അസ്സി.സെക്രട്ടറിയുടേയും പ്രോജക്ട് ഫയലുകൾ, ജി എസ്സ് ടി സംബന്ധിച്ച ഫയലുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി രജിസ്റ്റർ, ഇ.എം.ഡി ആപ്ലിക്കേഷൻ, എഫ്.ഡി.സർട്ടിഫിക്കറ്റ്,<br>ഭിന്നശേഷിക്കാരുടെ ഗ്രാമസഭ രജിസ്റ്റർ, |

| | | |
|---|---|---|
| | | ഡെപ്പോസിറ്റ് വർക്ക് രജിസ്റ്റർ, മോണിട്ടറിംഗ് സമിതി മിനിട്ട്സ്, സ്റ്റോക്ക് രജിസ്റ്റർ-പ്ലാൻ, ഇ.എം.എസ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്റർ, പാസ്സ്ബുക്ക്, ഫയൽ, തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ ഫോമുകൾ , വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകളും രജിസ്റ്ററുകളും, കെ യു ആർ ഡി എഫ് സി വായ്പ സംബന്ധിച്ച രേഖകൾ, ഫ്രണ്ട് ഓഫീസ് രജിസ്റ്ററുകൾ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററുകൾ, ഓഫീസ് ഓർഡർ ബുക്ക്, മൂവ്മെന്റ് രജിസ്റ്ററുകൾ, ഹാർഡ് വെയർ രജിസ്റ്റർ, എ എം സി രജിസ്റ്റർ, മെയിൽ രജിസ്റ്റർ, ഇ എം എസ് ഭവന പദ്ധതി, എം എൻ ലക്ഷം വീട് മുതലായവയുടെ ഫയലുകൾ, രജിസ്റ്ററുകൾ,എസ്റ്റാബ്ലിഷ്മെന്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ,ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, പ്രൊക്യുയർമെന്റ് രജിസ്റ്റർ, നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗ മിനിട്ട്സ്, വിവിധ നികുതി -നികുതിയേതര ഇനങ്ങളുമായി ബന്ധപ്പെട്ടുള്ള ഫയലുകളും രജിസ്റ്ററുകളും, സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ |
| 2 | വെറ്റിനറി സർജൻ | പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും(ഭാഗികമായി നശിച്ച പഞ്ചായത്ത് രസീത് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ഒഴികെ) |
| 3 | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പൻസറി, റാന്നി സൗത്ത് | പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും |

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട